“CORRUPTION, A CRIME AGAINST NATION”

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി 30.01.2024

# “കൈക്കൂലി വാങ്ങിയ റേഷനിംഗ് ഓഫീസറെ നാല് വർഷം തടവിന് ശിക്ഷിച്ചു.”

തിരുവനന്തപുരം ജില്ലയിലെ സിറ്റി നോർത്ത് റേഷനിംഗ് ഓഫീസറായിരുന്ന പ്രസന്നകുമാർ റേഷൻ കടക്കാരനിൽ നിന്നും 10,000/- രൂപ കൈക്കൂലി വാങ്ങിയ കേസ്സിൽ തിരുവനന്തപുരം വിജിലൻസ് കോടതി നാല് വർഷം തടവിനും 25,000/- രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചു.

2014-ൽ തിരുവനന്തപുരം സിറ്റി നോർത്ത് റേഷനിംഗ് ഓഫീസറായിരുന്ന പ്രസന്നകുമാർ, പട്ടത്ത് റേഷൻ കട നടത്തിയിരുന്ന പരാതിക്കാരന് ജില്ലാ സപ്ലൈ ഓഫീസർ 2014 ജൂലൈ മാസം ഇരുപത്തഞ്ചാം തിയതി പരുത്തിപ്പാറയിലുള്ള മറ്റൊരു റേഷൻ കടയുടെ അധിക ചുമതല കൂടി നടത്തിപ്പിനായി നൽകിയിരുന്നു. പുതതായി ലഭിച്ച റേഷൻ കട നടത്തുന്നതിന് സിറ്റി നോർത്ത് റേഷനിംഗ് ഓഫീസറായിരുന്ന പ്രസന്നകുമാർ 10,000/- രുപ പരാതിക്കാരനോട് കൈക്കൂലി ആവശ്യപ്പെടുകയും, 2014- സെപ്റ്റംബർ മാസം ഇരുപത്തിനാലാം തിയതി റേഷൻ കടക്കാരനിൽ നിന്നും 10,000/- രൂപ കൈക്കൂലി വാങ്ങിയപ്പോൾ തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1 ലെ ഡി.വൈ.എസ്.പി ശ്രീ. റ്റി. അജിത് കുമാർ കൈയ്യോടെ പിടികൂടിയതിലേക്ക് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം നൽകിയ കേസ്സിലാണ് ഇന്ന് (30/01/2024) ന് തിരുവനന്തപുരം വിജിലൻസ് കോടതി പ്രതിയായ പ്രസന്നകുമാർ കുറ്റക്കാരനാണെന്ന്

കണ്ടെത്തി നാല് വർഷം തടവിനും 25,000/- രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷ വിധിച്ചത്. പ്രതിയെ റിമാന്റ് ചെയ്ത് ജയിലിലടച്ചു.

പ്രോസിക്യൂഷനുവേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീമതി വീണ സതീശൻ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി. കെ . വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.